(ബി) 2 ജോയിന്റ് ഫുഡ് സേഫ്റ്റി കമ്മീഷണർ തസ്തികയും 57 ഭക്ഷ്യസുരക്ഷാ ഓഫീസർമാരുടെ തസ്തികയും ഇതിനകം സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ വകുപ്പിന്റെ പ്രവർത്തനം പരിശോധിച്ച് പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതുൾപ്പെടെ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. റിപ്പോർട്ട് ലഭിച്ചിട്ടില്ല.

(സി) ഒരു നിയോജകമണ്ഡലത്തിൽ ഒരു ഭക്ഷ്യസുരക്ഷാ ഓഫീസർ എന്ന നിലയിൽ സംസ്ഥാനത്തെ ഭക്ഷ്യസുരക്ഷാ ഓഫീസുകൾ ഇതിനകം പുനഃസംഘടിപ്പിച്ചിട്ടുണ്ട്. 2006-ലെ ഭക്ഷ്യസുരക്ഷാ നിലവാര നിയമത്തിലും അനുബന്ധ ചട്ടങ്ങളിലും നിഷ്കർഷിക്കുന്ന എല്ലാ ചുമതലകളും ടി ഭക്ഷ്യസുരക്ഷാ ഓഫീസുകൾക്കുണ്ട്.

(ഡി) 2006-ലെ ഭക്ഷ്യസുരക്ഷാ നിലവാര നിയമത്തിൽ നിഷ്കർഷിക്കുന്ന യോഗ്യതയുള്ള ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ/ഹെൽത്ത് ഇൻസ്പെക്ടർ എന്നിവരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കുന്നതിനുള്ള ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു.

പാക്കേജ്ഡ് ഡ്രിങ്കിംഗ് വാട്ടർ ഗുണനിലവാരം

75 (8135) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) പാക്കേജ്ഡ് ഡ്രിങ്കിംഗ് വാട്ടറിന്റെ ഗുണനിലവാരം പരിശോധിച്ച് സർട്ടിഫൈ ചെയ്യാൻ ആർക്കാണ് ചുമതല നൽകിയിട്ടുള്ളത് ;

(ബി) ഫാക്ടറികൾ പരിശോധിക്കാനും ഗുണനിലവാരം ഉറപ്പാക്കാനും പ്രസ്തുത ഉദ്യോഗസ്ഥർ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത് ; വിശദമാക്കുമോ ;

(സി) ഗുണനിലവാരം ഇല്ലാത്തതിന്റെ പേരിൽ എത്ര കമ്പനികൾക്കെതിരെയാണ് കേസെടുത്തിട്ടുള്ളത് ; ഏതൊക്കെയെന്ന ജില്ല തിരിച്ച് വ്യക്തമാക്കാമോ ; ഇവർക്കെതിരെ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ഡി) ഗ്രാമീണ മേഖലയിൽ ഉൾപ്പെടെ കുടിവെള്ള ഉല്പാദന രംഗത്തു പ്രവർത്തിക്കുന്ന മുഴുവൻ കമ്പനികളും ഗുണനിലവാരമുള്ള ഉല്പന്നങ്ങളാണ് നൽകുന്നത് എന്ന് ഉറപ്പാക്കാനും ഇവയുടെ ഗുണനിലവാരം ജനങ്ങളെ ബോധ്യപ്പെടുത്താനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) BIS (ബ്യൂറോ ഓഫ് ഇൻഡ്യൻ സ്റ്റാൻഡേർഡ്)നും, ഭക്ഷ്യസുരക്ഷാ വകുപ്പിനും ചുമതല നൽകിയിട്ടുണ്ട്.

(ബി) ഭക്ഷ്യസുരക്ഷാ ഓഫീസർമാർ സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യസുരക്ഷാ നിലവാര നിയമത്തിൽ നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾ പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്താറുണ്ട്.

(സി) ഉണ്ട്. 3 കമ്പനികൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്. ടി കമ്പനികൾക്കെതിരെ ഭക്ഷ്യസുരക്ഷാ നിലവാര നിയമത്തിലും അനുബന്ധ ചട്ടങ്ങളിലും നിഷ്കർഷിക്കുന്ന പ്രകാരമുള്ള നടപടി സ്വീകരിക്കുന്നതാണ്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

ജില്ല	എണ്ണം
തിരുവനന്തപുരം	1
കൊല്ലം	--
പത്തനംതിട്ട	--
ആലപ്പുഴ	--
കോട്ടയം	--
ഇടുക്കി	--
എറണാകുളം	--
തൃശ്ശൂർ	--
മലപ്പുറം	--
പാലക്കാട്	--
കോഴിക്കോട്	--
വയനാട്	--
കണ്ണൂർ	2
കാസർഗോഡ്	--
ആകെ	3